# e-ദളം



## ഡിജിറ്റൽ മാഗസിൻ
## 2022-25

## GOVT.HSS PULIYOOR

1. എന്റെ വിദ്യാലയം 4
2. ആമുഖം 5
3. കൊഴിഞ്ഞ ഇലകൾ 6
4. കാത്തിരുന്ന ലോകത്തിന്റെ പുനർജന്മം 7
5.എരിഞ്ഞുതീരുന്ന പുഷ്പങ്ങൾ 8
6. സ്വപ്നം 9
7.ഏകാന്തത 10
8.പൂമ്പാറ്റ 11
9.നീ 12
10.സ്വാതന്ത്ര്യം 13
11.മാനത്തുണ്ടൊരു പൂമ്പാറ്റ 14
12.അമ്മയും അച്ഛനും 15
13.നമ്മുടെ പ്രകൃതി 16
14.പ്രസംഗം 17
15.ശുചിത്വവും ആരോഗ്യവും 18

16.പരിസ്ഥിതി സംരക്ഷണം 19

17.എന്റെ ഗ്രാമം 21
18.അമ്പമ്പോ കാർബൺ 22

19.പ്ലാസ്റ്റിക് മലിനീകരണം 23

20.സ്വപ്നം 24
21.ഒരു പൂക്കാലം 25
22.അഹങ്കാരം ആപത്ത് 26

23. പ്രകൃതി
24.കൊറോണയെ അതിജീവിച്ച അപ്പൂ 28
25.കിറ്റിയും

26.എൻ വിരൽത്തുമ്പിലൂടെ .................. 30
27.എന്റെ വരകളിലൂടെ ............ 31
28.ജ്യാമിതീയ പാറ്റേൺ 33
29.സംഗീത ശ്രേണി 34
രാമാനുജൻ സംഖ്യ 35
31.കുസൃതി കണക്കുകൾ 36
32.സൂര്യകാന്തിയിലെ ശ്രേണി 37
33.സംഭാഷണം 38
34.കൃതജ്ഞത 39

# എന്റെ വിദ്യാലയം



ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽപ്പെട്ട പുലിയൂർ ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കണ്ടറി വിദ്യാലയമാണ് പുലിയൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ. പാണ്ഡവരുടെ വനവാസക്കാലത്ത് ഭീമനാൽ പ്രതിഷ്ഠിതമായതെന്ന് കരുതപ്പെടുന്ന തൃപ്പുലിയൂർ മഹാവിഷ്ണു ക്ഷേത്രത്തിന് സമീപമാണ് ഈ സർക്കാർ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.1917 ൽ എൽ. പി. സ്കൂൾ ആയി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം 1953 ൽ യു. പി. സ്കൂളായും 1980 ൽ ഹൈസ്കൂൾ ആയും 2015 ൽ ഹയർ സെക്കണ്ടറി സ്കൂളായും ഉയർത്തപ്പെട്ടു.2017 ൽ എസ്. എം. സി യുടെ നേതൃത്വത്തിൽ പ്രീപ്രൈമറിയും ആരംഭിച്ചു. പുലിയൂരിലും പരിസരപ്രദേശങ്ങളിലുമുള്ള പല തലമുറകൾക്കും അറിവിന്റെ വെളിച്ചം പകർന്നുകൊണ്ടിരിക്കുന്ന ഈ വിദ്യാലയ മുത്തശ്ശി ശതാബ്ദിയും പിന്നിട്ട് മുന്നേറികൊണ്ടിരിക്കുകയാണ്.

ജില്ല

ആലപ്പുഴ

വിദ്യാഭ്യാസ ജില്ല

മാവേലിക്കര

സബ് ജില്ല

ചെങ്ങന്നൂർ

# ആമുഖം

പ്രിയമുള്ളവരെ,
പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2019-2020 അധ്യയന വർഷത്തിൽ വിവരസാങ്കേതികവിദ്യ കുട്ടികളെ പരിചയപ്പെടുത്തുന്നതിനും പരിശീലനം നൽകുന്നതിനും ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനം പൂർവാധികം ഭംഗിയോടെ നടന്നുവരുന്നു.
ഇതിനോടനുബന്ധിച്ച് നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്, ഈ സ്കൂളിലെ മറ്റു കുട്ടികളുടെയും കൂടി സഹായത്തോടെ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിലും അതീവ സന്തോഷം അറിയിക്കുന്നു. വളരെ ശ്രമകരമായ ജോലി താൽപര്യപൂർവ്വവും സന്തോഷത്തോടുകൂടിയും ഏറ്റെടുത്ത് പൂർത്തീകരിച്ചത് വളരെ അഭിമാനകരമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോ ലിറ്റിൽ കൈറ്റ്സ് അംഗത്തെയും, മറ്റു കുട്ടികളെയും, നേതൃത്വം നൽകിയ അധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. അതുപോലെ മാഗസിനുമായി ബന്ധപ്പെട്ട പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും കൂടുതൽ നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു

എന്ന് സ്നേഹപൂർവ്വം
Anitha S
Headmistress

# കൊഴിഞ്ഞ ഇലകൾ



ചെറുകാറ്റിൻ താളമിട്ട
ഇലകൾ പറന്നുയർന്നു

ഉയരങ്ങളാകെ പാറിപ്പറന്നു
ചെറുകുഞ്ഞിലകൾ

തന്നിലെ സ്നേഹമാ അമ്മതൻ
വേരറ്റു വീണ കുഞ്ഞിലകൾ

കുളിർകാറ്റിൽ ഓളംതല്ലുന്ന
വൃക്ഷത്തലപ്പുകൾ

അമ്മതൻ കണ്ണീർ ഇറ്റു വളർന്ന
ഇലനാമ്പുകൾ

കാറ്റിലും മഴയിലും കൊഴിഞ്ഞു
വീഴാതെ അമ്മതൻ സ്നേഹത്തിൽ
സംരക്ഷിച്ചുവന്ന കുഞ്ഞില നാമ്പുകൾ

ഒരു ശിശിരം വന്ന് അമ്മയാം മരത്തിൻെറ
ശിഖരത്തിൽ നിന്ന് വേർപിരിച്ചു
കൊണ്ടുപോകുന്ന
കുഞ്ഞിലനാമ്പുകൾ

Anamika

# കാത്തിരുന്ന ലോകത്തിന്റെ പുനർജ്ജന്മം

എന്തെന്നറിയില്ല മനുഷ്യരെ
ലോകം കുറെ നാളായി
കിടുങ്ങി വിറക്കുകയാണ്.
വണ്ടിയില്ല കടകളില്ല
ആരാധനാലയങ്ങളില്ല
എന്തെ ഈ ലോകത്തിനു
എന്തുപറ്റിയെന്നു .
ചില ചില പകർച്ചവ്യാധികൾ
ലോകത്തെനിരന്തരമായി
വേട്ടയാടുകയാണ് .
നിപ്പ എബോള
കൊറോണ എന്നിവകൾ
കൈയും കാലും വച്ച്
ലോകത്തെ കീഴടക്കാൻ
യുദ്ധം ചെയ്യുന്നു .
എന്തെന്നാലും ഒരു



ചങ്ങല പോലെ മനുഷ്യർ
ഒത്തൊരുമയായി
പോരാടി ജയിക്കണം .
എല്ലാ മഹാമാരികളെയും
തുരത്തി നമ്മൾ
മുന്നോട്ടു മുന്നോട്ട്
സന്തോഷമായി
സുഖത്തോടെ
സമാധാനപരമായി
ജീവിയ്ക്കാൻ .

# എരിഞ്ഞുതീരുന്ന പുഷ്പങ്ങൾ



കണ്ണുകൾ തുറന്നിരിക്കാം
നമുക്കാ കരയുന്ന കണ്ണിനെ കാണാൻ....
ചിരിക്കാൻ മറന്നൊരു കൂട്ടുകാരി
നിനക്ക് ഇന്ന് അമ്മ നൽകിയത് വിശപ്പ് ആയിരുന്നുവോ...
നിറമില്ലാത്ത ജീവിതങ്ങളൊക്കെയും
ഇതളുകൾ അടർന്നുവീണ
മനംനൊന്ത് വീണുപോയി...
തെറ്റിദ്ധരിക്കും മയിൽപീലി സ്വപ്നങ്ങളൊക്കെയും ചിതലരിച്ചുവോ...
മരിച്ച മരത്തിന്റെ വേരുകൾ മുളപൊട്ടി
തഴച്ചു വളരട്ടെ പുത്തൻ പ്രതീക്ഷകളെ
ഇനി നമ്മൾ പഠിക്കേണ്ട പാഠം എന്താണ്?
നാം ഒരുമിച്ച് ഒരേ സ്വരത്തിൽ
പാടേണ്ട പാട്ട് ഏതാണ്?

അഭിരാമി അഭിലാഷ്
Std. 10

# സ്വപ്നം

നീയെന്ന യാഥാർത്ഥ്യം
കടലിൽ അലിഞ്ഞ സ്വപ്നങ്ങൾ
വെയിലിൽ വാടിയ നിന്റെ ധൈര്യം
തിരയായി ആഞ്ഞടിക്കുമ്പോഴും വിധിയെ പഴിച്ച്
സ്വയം മറയുകയാണ് നീ.....
നിന്റെ സങ്കടങ്ങൾ
തീയായി ആളിപടരുമ്പോൾ
നീ അറിഞ്ഞുവോ....
നിന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു എന്ന്....
മേഘങ്ങളിലൂടെ പെയ്തൊഴുകിയത്
നിന്റെ സ്വപ്നങ്ങളാണെന്ന് നിനക്ക് തോന്നിയോ
എന്നിട്ടും....
നീ സ്വപ്നം കണ്ടു പലതും....

അഭിരാമി

# ഏകാന്തത

ആരീരം പാടാൻ അമ്മയില്ല
കൊഞ്ചിയുറക്കുവാൻ അച്ഛനില്ല
കളിചിരി പറയുവാൻ സൗഹൃദം ഇല്ല
കൂടെ കളിക്കുവാൻ കൂടപ്പിറപ്പുമില്ല......
കാറ്റും മഴയും ഒരുമിച്ച് വന്നിട്ട്
പാടുന്ന മൂളിപ്പാട്ടിന് എന്ത് രസം
അതുമാത്രം കേട്ടിട്ട് എന്ത് സുഖം?



അമ്മ താരാട്ട് കേട്ടിടേണ്ടേ....
രാത്രികൾ ഉറങ്ങാതെ പ്രതീക്ഷയോടെ
ഏകാന്തതയിൽ ഞാനിരുന്നു
കാലം കടന്നുപോയി ഞാനും വളർന്നു പോയി
നാടും വളർന്നു പോയി
ഞാനും എന്റെയും മൗനവും ബാക്കിയായി.....
മേലെ ആകാശത്ത് ഒറ്റയ്ക്ക് പാറുമീ
മേഘ കിളിയെ ഞാൻ നോക്കിനിൽപ്പൂ
അന്നും ഇന്നും ഇനിയും എന്റെ കൂട്ടുകാരി ഏകാന്തത മാത്രം.....

Abirami




പൂമ്പാറ്റ പാറും പൂമ്പാറ്റ
പൂവിലിറങ്ങും പൂമ്പാറ്റ
ഒന്ന് തൊട്ടോട്ടെ നിൻ ചിറകിൽ
നിന്നു തരാമോ എന്നരികിൽ
ആരു നിനക്ക് ഈ നിറമേകി
വർണ്ണച്ചിറകിൽ തേരേകി
മഴവിൽ ആണോ നിന്നമ്മ
തരുമോ നീയൊരു കുഞ്ഞുമ്മ

Rajalekshmi

# നീ

നിമിഷ കവിയുടെ മകളായി ജനിച്ച നീ
എത്ര ഭാഗ്യവതി
നീ എന്റെ പ്രിയ സഖി
നീ വന്നിരിക്കുമ്പോൾ സ്വപ്നം നിറഞ്ഞ പോലെ
നീ പോയി കഴിഞ്ഞാലോ ഏകാകിയായി ഞാൻ
എങ്കിലും എൻ സഖി നീ എന്നെ പിരിയാതെ
എന്നിലെ രാഗമായി ഒഴുകേണമേ
എന്നെന്നും എൻ മുൻപിൽ നിറവാർന്ന
ദീപമായി
നെയ് തിരി നാളമായി തെളിയേണമേ

Sreelatha

# സ്വാതന്ത്ര്യം

ഈ ക്വാറന്റൈൻ എന്നെ ചിന്തിപ്പിക്കുന്നു
ആ ചിന്തകളിൽ മുങ്ങാൻ ഞാൻ ആഗ്രഹിക്കുന്നു.
ഇന്നലത്തേതിനേക്കാൾ ഇന്ന്
അതിന്റെ പരിശുദ്ധിയെ ഓർമിപ്പിക്കുന്നു
അതിന്റെ ആനന്ദം ഞാൻ
മറുവശത്ത് ആണെന്ന് തോന്നുന്നു
എന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് സ്വപ്നം
കാണുന്നു
ഇപ്പോൾ ഒരു തടവറയ്ക്കുള്ളിൽ
സ്വാതന്ത്ര്യം ലഭിക്കും
കാത്തിരിക്കുക

Vedha Rajesh




**മാനത്തുണ്ടൊരു പൂമ്പാറ്റ**
**പാറി നടക്കും പൂമ്പാറ്റ**
**മാനത്തുണ്ടൊരു പൂമ്പാറ്റ**
**പൂന്തേൻ ഉണ്ണും പൂമ്പാറ്റ**
**പൂമ്പൊടി പൂശും പൂമ്പാറ്റ**
**നാട്ടിൽ നിറയെ പൂമ്പാറ്റ**
**അക്കരെ നിൽക്കും പൂമ്പാറ്റ**
**മാനത്തുണ്ടൊരു പൂമ്പാറ്റ**
**പാറി നടക്കും പൂമ്പാറ്റ**

Gopika

# അമ്മയും അച്ഛനും

അമ്മ എന്ന കാറ്റിനും
അച്ഛനെന്ന പൂവിനും
മക്കളെ തഴുകുവാൻ
ഇരു കരങ്ങളുണ്ട്
അമ്മയെന്ന കാറ്റു
വന്നു താരാട്ടുപാടി,
അച്ഛനെന്ന പൂവ് വന്ന്
കയ്യിൽ ഒരു മുത്തം തന്നു
അമ്മയെന്ന കാറ്റിനും
അച്ഛനെന്ന പൂവിനും
മക്കളെ തഴുകുവാൻ
ഇരുകരങ്ങൾ ഉണ്ട്

Vyga

# നമ്മുടെ പ്രകൃതി

എവിടെ മനുഷ്യരുണ്ടോ അവിടെ പച്ചപ്പും ഉണ്ട് ,ഭൂമിയുടെ ഉൽപ്പത്തി മുതൽ പ്രകൃതിയുടെ ഉപഭോക്താക്കൾ ജീവജാലകങ്ങൾ ആണ്. ജീവജാലങ്ങൾ പ്രകൃതിയുടെ ഭാഗമായ മനുഷ്യൻ ഇന്നും മനുഷ്യർക്കുവേണ്ടി തീർന്ന പ്രകൃതി ഇതിൽ എന്നത്തെക്കാളും അർഥമാണ് 'പരിസ്ഥിതി 'എന്ന് വാക്കിന് പിന്നിലുള്ളത് അത് മനുഷ്യന് വേണ്ടി പ്രകൃതിയെ ഒരുക്കി വെക്കുമ്പോൾ പരിസ്ഥിതി ഇതിൽ വരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിൽ പിതാക്കന്മാരിൽ ഒരാളായ, കാറൽമാക്സ് ഇപ്രകാരമാണ് പ്രകൃതിയെ വിശേഷിപ്പിച്ച പറയുന്നത്.......മനുഷ്യൻറെ അജൈവ ശരീരമാണ് പ്രകൃതി ,അതുകൊണ്ട് നിങ്ങൾ ഒരു ജൈവ ശരീരങ്ങളായി പ്രകൃതിയെ അജൈവ ശരീരമായി കരുതുകയോ രണ്ടും കൂടിച്ചേർന്ന് ഒരു പൂർണ്ണത ഉണ്ടായി ഇരിക്കുവാൻ ചെയ്യുന്ന അടിസ്ഥാന സ്വഭാവം. വാസ്തവത്തിൽ പുറത്ത് വീശുന്ന കാറ്റിന് എന്റെ കാറ്റാണ്,

എന്റെ ജീവവായു തീരുന്നത് എന്ന് ,പുറത്ത് ഒഴുകുന്ന ജലം എന്റെ ശരീരത്തിലെ ജലപ്രവാഹം എന്നും .ഭൂമിയാണെന്ന് മജ്ജയും മാംസവും ആയി തീരുന്നത് ,ഗുരുത്വാകർഷണം കൊണ്ടാണ് നമുക്കൊക്കെ ഇങ്ങനെ ഇരിക്കുവാൻ കഴിയുന്ന എന്നും അതിനാൽ പ്രകൃതി നിൽക്കുകയല്ല പ്രകൃതിയും തമ്മിൽ പ്രവർത്തിക്കുകയാണ് അഥവാ പ്രകൃതി നാം കൂടി ചേർന്നതാണ്എന്ന ബോധം ഉണ്ടാവണം. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി പറഞ്ഞ വാക്കുകളാണിത് -- "അത് ഈ ലോകത്തിന് മനുഷ്യരുടെ മുഴുവൻ ആശയങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള ശേഷിയുണ്ട് പക്ഷേ ഒരാളുടെ പോലും ആർത്തി തൃപ്തിപ്പെടുത്താൻ ഉള്ള ശേഷിയില്ല “. പ്രകൃതി മക്കൾക്ക് ആവശ്യമായ എല്ലാം നൽകുമ്പോൾ അപ്പോൾ നാം എന്താണ് തിരിച്ചു കൊടുത്തിരിക്കുന്നത് . കാലം മാറി പ്രകൃതിയെ പോലെ നമ്മുടെ നാട് ദുരന്തങ്ങളുടെ വേദനയാണ് ,നാം നമ്മുടെ കടമ മടികൂടാതെ നിർവഹിക്കുമ്പോൾ സുരക്ഷിതമായ ഒരു കാലം നമ്മെ കാത്തിരിക്കുന്ന എന്നതിൽ സംശയമില്ല.

Joshin O

# പ്രസംഗം

നമസ്കാരം,

ഞാൻ ഇന്ന് ഇവിടെ പറയാൻ പോകുന്നത് പ്രകൃതി എന്ന ഗുരുവിനെക്കുറിച്ചാണ്. നമുക്ക് അറിവ് പകർന്നു നൽകുന്ന എല്ലാവരും നമ്മുടെ ഗുരുവാണ്. അത് അച്ഛനോ, അമ്മയോ, ടീച്ചറോ, സഹോദരങ്ങളോ ആരുമാകട്ടെ അവരെല്ലാം നമ്മുടെ ഗുരുവാണ് കൂടെ പ്രകൃതിയും നമ്മുടെ ഗുരുവാണ്.



ഭൂമിയിലെ സൗന്ദര്യങ്ങൾ മാറിമാറി വരുന്നു ഒരു ചെടി മൊട്ടിട്ട് അത് വിരിഞ്ഞ് മനോഹരമായ ഒരു പൂവായി മാറുന്നു.പിന്നെ അത് വാടി കൊഴിഞ്ഞുപോകുന്നു പകരം അടുത്ത പൂവ് മൊട്ടിടുന്നു. അതുപോലെ പ്രകൃതിയിലെ മനോഹരമായ കാഴ്ച്ചകളാണ് നമ്മളെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. ഇതൊന്നും ഇല്ലായിരുന്നുവെങ്കിൽ ഒരേ കാഴ്ച്ചകണ്ട് നമ്മൾ ഈ ഭൂമിയെ വെറുത്തേനെ. നമ്മൾ ഗുരുവിനോട് ഒരു തെറ്റ് ചെയ്താൽ ഏതെങ്കിലും രീതിയിൽ അതിന് നമുക്ക് തിരിച്ചടി കിട്ടിയിരിക്കും. അതിന് ഉദാഹരണങ്ങളാണ് പ്രളയം, നിപ്പ, കോവിഡ് അങ്ങനെ പലതും. ഈ ഭൂമിയിൽ മുക്കാൽ ഭാഗവും പ്ളാസ്റ്റിക്കുകൊണ്ട് നിറഞ്ഞിരിക്കുന്നു അതിൽ പകുതിയോളം ഭൂമിക്കടിയിലാണ്. അതുകൊണ്ട് ഭൂമിക്ക് ശ്വാസം കിട്ടുന്നില്ല. അതിനുള്ള തിരിച്ചടിയാണ് കോവിഡ്. ഭൂമിയെ ശ്വാസം മുട്ടിച്ച നമ്മൾക്ക് ശ്വാസം പണം കൊടുത്ത് വാങ്ങിക്കേണ്ട അവസ്ഥ വന്നു. പ്രാചീനകാലത്ത് ഒരേ സമയം രണ്ട് മരങ്ങൾ പിഴുതുവീണ് അത് കൂട്ടിമുട്ടി തീ ഉണ്ടായി. രണ്ടു മരകഷ്ണങ്ങൾ കൂട്ടിമുട്ടിയാൽ തീ ഉണ്ടാകുമെന്നും അതിലൂടെ പ്രകൃതി നമ്മളെ പഠിപ്പിച്ചു. ഗുരുവിനെ തിരിച്ചറിയാതെ നമ്മൾ ഒരോന്ന് കാണിക്കുന്നതുകൊണ്ടാണ് നമ്മൾ ഈ കഷ്ടതകളൊക്കെ അനുഭവിക്കേണ്ടി വരുന്നത്. മരങ്ങൾ വെട്ടി നശിപ്പിക്കുന്നു, പുഴകളിൽ മാലിന്യം നിക്ഷേപിക്കുന്നു. ഇതൊക്കെകൊണ്ട് പ്രകൃതിയെ മനുഷ്യർ മലിനമാക്കുകയാണ്. ഭൂമിയും നമ്മുടെ ഗുരുവാണെന്ന് മനസിലാക്കുക എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

Vrindha Vinod

GHSS PULIYOOR

## ശുചിത്വവും ആരോഗ്യവും

ശുചിത്വം എന്നത് നമുക്കെല്ലാവർക്കും വേണ്ട അടിസ്ഥാന ഗുണമാണ്. ആരോഗ്യവും ശുചിത്വവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വൃത്തിയുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സിന് നിലനിൽപ്പുള്ളൂ. ആരോഗ്യരംഗത്തും, വിദ്യാഭ്യാസ മേഖലയിലും നമ്മൾ മലയാളികൾ മുൻപന്തിയിലാണ്. എന്നാൽ ശുചിത്വത്തിന്റെ കാര്യത്തിൽ നാം അത്ര മുന്നിലല്ല എന്നതാണ് യാഥാർത്ഥ്യം. എന്താണ് ശുചിത്വം? വ്യക്തികളും, അവരുടെ ചുറ്റുപാടും, അന്തരീക്ഷവും മാലിന്യത്തിൽ നിന്ന് മുക്തമാകുന്നതാണ് ശുചിത്വം. പല രോഗങ്ങളും നല്ല ശുചിത്വ ശീലങ്ങളിലൂടെ നമുക്ക് ഒഴിവാക്കാൻ കഴിയും. രണ്ടുനേരം കുളി, ഇടയ്ക്കിടെയുള്ള കൈകൾ, വൃത്തിയുള്ള വസ്ത്രം ധരിക്കൽ, വൃത്തിയുള്ള പരിസരം എന്നിങ്ങനെ നമ്മുടെ ദൈനംദിന ജീവിതത്തിൽ പാലിക്കേണ്ട നിരവധി ശുചിത്വ ശീലങ്ങൾ ഉണ്ട്. ഇന്ന് നമ്മുടെ ആരോഗ്യത്തെ ബാധിക്കുന്ന പല രോഗങ്ങളും, ഉണ്ടാകുന്നത് നമ്മുടെ പരിസര ശുചിത്വത്തിന്റെ കുറവ് മൂലമാണ്. ആരോഗ്യമാണ് സമ്പത്ത്. അത് നഷ്ടമായാൽ പിന്നീട് എന്തെല്ലാം നേട്ടം ഉണ്ടായിട്ടും കാര്യമില്ല. എലിപ്പനി,ചിക്കൻ ഗുനിയ, ഡെങ്കിപ്പനി,വയറിളക്കം തുടങ്ങിയ രോഗങ്ങൾ പടർന്നു പിടിക്കുന്നത് പ്രധാനമായും നമ്മുടെ ശുചിത്വ കുറവുമൂലമാണ്. തുറസ്സായ സ്ഥലങ്ങളിലും, പുഴകളിലും, ജലാശയങ്ങളിലും, പൊതുസ്ഥലങ്ങളിലും നമ്മൾ വലിച്ചെറിയുന്ന മാലിന്യങ്ങൾ വിവിധ രോഗങ്ങളായി നമ്മളിലേക്ക് തിരിച്ചെത്തുന്നു.

വ്യക്തി ശുചിത്വം,പരിസര ശുചിത്വം തുടങ്ങിയവ ചെറുപ്പം മുതലേ പാലിക്കാൻ നാം ശീലിക്കണം. അത് ആരോഗ്യമുള്ള ഒരു തലമുറയ്ക്ക് വഴിതെളിക്കും. സശുചിത്വ കുറവുമൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് ഒരു വികസിത സമൂഹത്തിന് അപമാനകരമാണെന്ന് നാം മനസ്സിലാക്കണം. അതുകൊണ്ട് നല്ല ശുചിത്വ സംസ്കാരം വളർത്തിക്കൊണ്ടു വരാൻ നമുക്കെല്ലാവർക്കും കടമയുണ്ട്. അതുകൊണ്ട് ഇന്നത്തെയും,ഭാവിയിലെയും തലമുറകൾക്ക് വേണ്ടി നമ്മുടെ മണ്ണും, ജലവും, വായുവും,മാലിന്യ വിമുക്തമായി സൂക്ഷിക്കുന്നതിനും കേവലം വ്യക്തി ശുചിത്വത്തിലൂടെ മാത്രം ആരോഗ്യമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുവാൻ നമുക്ക് കഴിയില്ല എന്ന് തിരിച്ചറിവുണ്ടായി. അതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നമ്മൾക്ക് കഴിയണം. സർക്കാരിന്റെ ശുചിത്വ യജ്ഞങ്ങളിൽ പങ്കാളികളാകാനും നമുക്ക് ശ്രമിക്കാം.

" നല്ല ശുചിത്വ ശീലങ്ങളിലൂടെ നല്ല ആരോഗ്യം കൈവരിക്കാൻ നമുക്ക് സാധിക്കട്ടെ "

.

Vyga G Nair

GHSS PULIYOOR

# പരിസ്ഥിതി സംരക്ഷണം

പ്രകൃതി അമ്മയാണ് .ആ അമ്മയെ നാം അപമാനിക്കരുത്. പരിസ്ഥിതിക്ക് ദോഷകരമായ രീതിയാൽ മനുഷ്യർ പ്രവർത്തിക്കുന്നത് ലോക നാശത്തിന് കാരണമാകും. lപരിസ്ഥിതി സംരക്ഷണത്തിൻ്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുവാനുള്ള അവസരമായാണ് ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ 1972 മുതൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു തുടങ്ങിയത്. എല്ലാ മനുഷ്യർക്കും ശുദ്ധവായുവും ശുദ്ധജലവും ജൈവ വൈവിധ്യത്തിൻ്റെ ആനുകൂല്യങ്ങളും അനുഭവിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്.



വനനശീകരണത്തിനെതിരായും മലിനീകരണത്തിനെതിരായും പ്രവർത്തിക്കുക എന്നതാണ് പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കാനുള്ള മാർഗ്ഗം. ഭൂമിയെ സുരക്ഷിതവും ഭദ്രവും ആയ ഒരു ആവാസ കേന്ദ്രമായി നിലനിർത്തുകയും സുഖദവും ശീതളവുമായ ഒരു ഹരിത കേന്ദ്രമായി അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് ആവശ്യമാണ്. നഗരങ്ങൾ എല്ലാം മലിനീകരണത്തിൻ്റെ മാരക ഫലങ്ങൾ അനുഭവിച്ച് തുടങ്ങിയിരിക്കുന്നു. കൂടുതൽ ആളുകൾ നഗരങ്ങളിൽ താമസിക്കുന്നത് കുടിവെള്ള ക്ഷാമത്തിനും മലിനീകരണത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു.ഇവ ദിനംപ്രതി കൂടിക്കൊണ്ടിരിക്കുന്നു മനുഷ്യവംശത്തെ തന്നെ കൊന്നൊടുക്കാൻ ശേഷിയുള്ള മാരകരോഗങ്ങൾ പടർന്നു പിടിക്കുന്നു. സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്ക് വികസനം അനിവാര്യമാണ്. എന്നാൽ ഈ വികസന പ്രക്രിയ പലപ്പോഴും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാറുണ്ട്.അതുകൊണ്ട് തന്നെ പരിസ്ഥിതിക്ക് ദോഷമാകാത്ത തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ആകണം നാം ചെയ്യേണ്ടത്.

ഭൂമി വലിയൊരു മാലിന്യക്കൂമ്പാരമായി മാറിക്കൊണ്ടിരിക്കുകയാണ്. മനുഷ്യരുടെ ജീവിത രീതിയിലുണ്ടായ വലിയ മാറ്റമാണ് ഇതിൻ്റെ മുഖ്യ കാരണം.ജനപ്പെരുപ്പവും ഒരു കാരണമാണ് ഡിസ്പോസിബിൾ സംസ്ക്കാരത്തിൻ്റെ ഭാഗമായി ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികളും ഫാസ്റ്റ്ഫുഡ് കാർട്ടണുകളുമാണ് റോഡരികിലെങ്ങും .പരിസര മലിനീകരണത്തിൽ ഏറ്റവും അപകടകരമായിട്ടുള്ളത് പ്ലാസ്റ്റിക് മാലിന്യങ്ങളാണ് കാരണം അതിലടങ്ങിയ വിഷവസ്തുക്കൾ ജലത്തെയും മണ്ണിനെയും വായുവിനെയും ഒരു പോലെ മലിനമാക്കുന്നു.

ഏതെങ്കിലും ഒരു പ്രദേശത്ത് പ്ലാസ്റ്റിക് കെട്ടിക്കിടക്കുകയും, അത് പരിസ്ഥിതിയുടെ സ്വാഭാവികതയ്ക്ക് ഭംഗം വരുത്തുകയോ മനുഷ്യനും മറ്റ ജന്തുക്കൾക്കും സസ്യങ്ങൾക്കും ദോഷകരമാവുകയോ ചെയ്യുന്നതിനാണ് പ്ലാസ്റ്റിക് മലിനീകരണം എന്നു പറയുന്നത് .മണ്ണും വായുവും ജലവും ഒരു പോലെ മലിനമാക്കുന്ന വസ്തുവാണ് പ്ലാസ്റ്റിക് അത് ഭക്ഷ്യശൃംഖല തകർക്കുന്നു,ഭക്ഷ്യോൽപ്പാദനം തടസ്സപ്പെടുത്തുന്നു, ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
വ്യക്തിപരമായ ബോധവൽക്കരണം കൊണ്ടു മാത്രം പരിഹരിക്കാവുന്നതല്ല പ്ലാസ്റ്റിക് മാലിന്യങ്ങൾ അതിന് ഭരണക്രൂടത്തിൻ്റെ ശക്തമായ ഇടപെടലും ആവശ്യമാണ്.

കോടികണക്കിന് സസ്യജന്തുകളുടെ ഉറവിടമായ നമ്മുടെ പ്രകൃതി അതിന്റെ ഒരു സൃഷ്ടിയായ മനുഷ്യൻ കാരണം ഇന്ന് അൽപ്പമായി നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.പരിസ്ഥിതി മാലിന്യങ്ങൾ വലിച്ചെറിയാനുള്ള നിക്ഷേപശാലയായും,ഭൂമിയെ കല്ലും കനിയും എണ്ണയും കുഴിച്ചെടുക്കുവാനുള്ള ഖനനകേന്ദ്രമായും അവൻ കണക്കാക്കി കഴിഞ്ഞു.

കാട് വെട്ടിത്തെളിച്ച് കോൺക്രീറ്റ് വീടുകളുണ്ടാക്കുന്നതും,മണൽ മാഫിയകൾക്കെതിരെ ജലാശയങ്ങൾ കൊള്ളയടിക്കുന്നതും വയലുകൾ നികത്തുന്നതും ഇന്ന് പുതുമയുള്ള കാര്യമല്ല. ഒരു സുനാമിയോ, വെള്ളപ്പൊക്കമോ വരുമ്പോൾ പരിസ്ഥിതി ബോധത്താൽ അലമുറയിട്ടിട്ടു കാര്യമില്ല.നമുക്ക് വേണ്ടത് സ്ഥിരമായ പരിസ്ഥിതി ബോധമാണ്.

ഒരു മരം നശിപ്പിക്കുമ്പോൾ പത്ത് പുതിയ തൈകൾ നടാനുള്ള ബോധം അതാണ് നമ്മൾക്ക് ഒരോത്തർക്കും ആദ്യം വേണ്ടത്. ആധുനിക മനുഷ്യന്റെ ലോകം റോക്കറ്റ് വേഗത്തിൽ കുതിച്ചു കൊണ്ടിരിക്കുന്നു. അവൻ സ്വന്തം സന്തോഷത്തിനു വേണ്ടി കാടുകളും പരിസ്ഥിതിയും നശിപ്പിച്ച് കൊണ്ടിരിക്കുന്നു. അതിനു പകരമായിട്ടാണ് പ്രകൃതിയും ഇടയ്ക്കിടെ നമ്മെ ശിക്ഷിക്കുന്നതെന്ന് കരുതാതെ വയ്യ

ഒരാൾ ചെയ്യുന്ന തെറ്റുകൊണ്ട് നൂറ് കണക്കിന് ജനങ്ങൾ ശിക്ഷ അനുഭവിക്കുന്നു. അതിന് ഉദാഹരണം ആണ്പ്രളയവും,ഭൂമികുലുക്കവും.ഇതുമൂലം ആയിരക്കണക്കിന് ആളുകൾ മരണപ്പെടുന്നു.

പരിസ്ഥിതിയുടെ പ്രാധാന്യം മനസിലാക്കുന്നതിന് വേണ്ടിയാണു ഐക്യരാഷ്ട്ര സംഘടന എല്ലാ വർഷവും ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആഘോഷിക്കുന്നത്. ആയതിനാൽ, നമ്മുടെ പരിസ്ഥിതിയുടെ സന്തുലനാവസ്ഥ സംരക്ഷിച്ചു നിർത്തേണ്ടത് നാം ഉൾപ്പടെയുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിനു അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് നമ്മുക്ക് നമ്മുടെ പ്രകൃതിയെ സംരക്ഷിക്കാം.

Indulekha

# എന്റെ ഗ്രാമം


പാണ്ഡവ പുരമായ പുലിയൂരാണ് എന്റെ ഗ്രാമം. കൊച്ചു സുന്ദര ഗ്രാമം. പഞ്ചപാണ്ഡവരിൽ ഭീമനാൽ പ്രതിഷ്ഠിക്കപ്പെട്ട മഹാവിഷ്ണു ക്ഷേത്രമാണ് ഇവിടുത്തെ മുഖ്യ ആകർഷണം. മകരസംക്രമത്തിലെ കാവടിയാട്ടം ഇവിടുത്തെ പ്രധാന ഉത്സവമാണ്. ചമയ പ്രദർശനവും പകൽ പൂരവും എന്റെ നാട്ടിൽ നടത്തുന്നു.



അമ്പലത്തിന് തൊട്ട് തെക്ക് ആയി ആണ് എന്റെ വിദ്യാലയം.എന്റെ നാടും സ്കൂളും എനിക്ക് വളരെ പ്രിയപ്പെട്ടതാണ്.

Mekha S

# അമ്പമ്പോ കാർബൺ




ഇന്ന് ടീച്ചർ കാർബൺ എന്ന അലോഹത്തെ പറ്റി പഠിപ്പിച്ചു. കാർബൺ ഒരു അത്ഭുതം തന്നെ. പീരിയോ ടിക് ടേബിളിലെ ബാക്കി 117 മൂലകങ്ങളും അവയുടെ സംയുക്തങ്ങളും എല്ലാം ചേർന്നാലും കാർബണും അതിന്റെ സംയുക്തങ്ങളുടെയും പത്തിൽ ഒന്നുപോലും വരില്ലത്രെ. അതിശയം തന്നെ. കരിയും വജ്രവും പെൻസിൽ ലഡും കാർബൺ രൂപാന്തരങ്ങൾ തന്നെ.കാറ്റനേഷൻ,ബന്ധനം (ബോണ്ടിംഗ് ) ഇവ അറിഞ്ഞപ്പോൾ ഇനിയും കാർബണിനെ പറ്റി കൂടുതൽ അറിയാൻ മോഹം. പത്താം ക്ലാസിൽ രണ്ട് യൂണിറ്റ് കാർബണിനെപ്പറ്റി പഠിക്കാൻ ഉണ്ടെന്നും ടീച്ചർ പറഞ്ഞു.

Tharshana

# പ്ലാസ്റ്റിക് മലിനീകരണം

ഭൂമി വലിയൊരു മാലിന്യക്കൂമ്പാരമായി മാറിക്കൊണ്ടിരിക്കുകയാണ്. മനുഷ്യരുടെ ജീവിത രീതിയിലുണ്ടായ വലിയ മാറ്റമാണ് ഇതിൻ്റെ മുഖ്യ കാരണം.ജനപ്പെരുപ്പവും ഒരു കാരണമാണ് ഡിസ്പോസിബിൾ സംസ്കാരത്തിൻ്റെ ഭാഗമായി ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികളും ഫാസ്റ്റ്ഫുഡ് കാർട്ടണുകളുമാണ് റോഡരികിലെങ്ങും .പരിസര മലിനീകരണത്തിൽ ഏറ്റവും അപകടകരമായിട്ടുള്ളത് പ്ലാസ്റ്റിക് മാലിന്യങ്ങളാണ് കാരണം അതിലടങ്ങിയ വിഷവസ്തുക്കൾ ജലത്തെയും മണ്ണിനെയും വായുവിനെയും ഒരു പോലെ മലിനമാക്കുന്നു.



ഏതെങ്കിലും ഒരു പ്രദേശത്ത് പ്ലാസ്റ്റിക് കെട്ടിക്കിടക്കുകയും അത് പരിസ്ഥിതിയുടെ സ്വാഭാവികതയ്ക്ക് ഭംഗം വരുത്തുകയോ മനുഷ്യനും മറ്റു ജന്തുക്കൾക്കും സസ്യങ്ങൾക്കും ദോഷകരമാവുകയോ ചെയ്യുന്നതിനാണ് പ്ലാസ്റ്റിക് മലിനീകരണം എന്നു പറയുന്നത്   മണ്ണും വായുവും ജലവും ഒരു പോലെ മലിനമാക്കുന്ന വസ്തുവാണ് പ്ലാസ്റ്റിക് അത് ഭക്ഷ്യശൃംഖല തകർക്കുന്നു. ഭക്ഷ്യോൽപ്പാദനം തടസ്സപ്പെടുത്തുന്നു ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

വ്യക്തിപരമായ ബോധവൽക്കരണം കൊണ്ടു മാത്രം പരിഹരിക്കാവുന്നതല്ല പ്ലാസ്റ്റിക് മാലിന്യങ്ങൾ അതിന് ഭരണകൂടത്തിൻ്റെ ശക്തമായ ഇടപെടലും ആവശ്യമാണ്

Yadhupriya




കണ്മണിക്ക് 9 വയസ്സ്. അവളുടെ അമ്മ അവൾക്ക് അഞ്ചുവയസ്സുള്ളപ്പോൾ മരിച്ചു.അവൾ ഒരു ദിവസം കിടന്നുറങ്ങുമ്പോൾ ഒരു സ്വപ്നം കണ്ടു.അവൾ ഒറ്റയ്ക്കൊരു പൂന്തോട്ടത്തിലൂടെ നടക്കുകയാണ്. അപ്പോൾ പെട്ടെന്ന് ഒരു മാലാഖ അവിടെ പ്രത്യക്ഷപ്പെട്ടു. ആ മാലാഖ അവളെ എങ്ങോട്ടോ കൊണ്ടുപോയി. അവൾ ഏതോ ഒരു സ്ഥലത്ത് എത്തിച്ചേർന്നു.അവിടെ എത്തിയപ്പോൾ ആ മാലാഖ രൂപം മാറി ഒരു പിശാച് ആയി മാറി.ആ പിശാച് അവളോട് പറഞ്ഞു ഇത് സ്വർഗ്ഗമല്ല ഇത് നരകമാണ്. അതാ നിന്റെ അമ്മ തീയിൽ വെന്തെരിയുന്നു. അവൾ ഞെട്ടി എഴുന്നേറ്റു അമ്മൂമ്മയുടെ അടുത്തേക്ക് ഓടി. അമ്മൂമ്മേ ഞാൻ എന്റെ അമ്മയെ തീയിൽ വെന്തെരിയുന്നത് സ്വപ്നം കണ്ടു. അപ്പോൾ അമ്മൂമ്മ അവളെ ആശ്വസിപ്പിച്ചു. നീ പേടിക്കേണ്ട മകളെ ഇത് സ്വപ്നമല്ലേ ഇങ്ങുവാ ഇന്ന് മോള് അമ്മുമ്മയുടെ കൂടെ കിടന്നോ.

അനശ്രീ
Std IV

# ഒരു പൂക്കാലം




ഒരു ചിങ്ങമാസത്തിൽ അനുവും ചിന്നുവും തന്റെ നാട്ടിലെത്തി. ഗൾഫിലാണ് അവരുടെ പഠനവും താമസവും എല്ലാം. ഓണം ആഘോഷിക്കാനാണ് അവർ നാട്ടിലെത്തിയത്.ആദ്യമായിട്ടാണ് നാട്ടിൽ വന്ന് മുത്തശ്ശിയുടെ കൂടെ ഓണം ആഘോഷിക്കുന്നത്. അതിന്റെ സന്തോഷത്തിലാണ് അനുവും ചിന്നുവും. അങ്ങനെ ഉത്രാടം നാൾ എത്തി. മുത്തശ്ശനും മുത്തശ്ശിയും കൂടി തിരുവോണത്തിനായുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. ഉപ്പേരി വറക്കലും അച്ചാറും അങ്ങനെ പലവിധ വിഭവങ്ങൾ ഉണ്ടാക്കി തുടങ്ങി. അപ്പോൾ അനുവിനും ചിന്നുവിനും ഒരു മോഹം ഊഞ്ഞാലാടണമെന്ന്. മുത്തശ്ശൻ ഊഞ്ഞാൽ കെട്ടിക്കൊടുത്തു. ഇവർക്കും സന്തോഷമായി. അങ്ങനെ ഉത്രാട രാത്രി കഴിഞ്ഞു. തിരുവോണ പുലരിയിൽ അനുവും ചിന്നവും പുത്തനുടുപ്പിട്ടു പൂക്കളിറക്കാൻ പുറപ്പെട്ടു. അവർ കൊണ്ടുവന്ന പൂക്കൾ ഒക്കെ എടുത്ത് മുത്തശ്ശി പൂക്കളം ഇട്ടു. പിന്നീടവർ ഊഞ്ഞാലാടി. തിരുവോണ സദ്യയും ഉണ്ടു.അങ്ങനെ രാവിലത്തെ പരിപാടി കഴിഞ്ഞു. ഇനി ഓണക്കളിയാണ്. വടംവലി,പുലികളി അങ്ങനെ പലവിധ ഓണ കളികളിൽ ഏർപ്പെട്ട് അനുവും ചിന്നുവും ഓണം പൊടിപൊടിച്ചു. ഇവർക്കും സന്തോഷമായി.

Vyga Rajesh

# അഹങ്കാരം ആപത്ത്

ഒരിടത്തൊരു ചെറിയ ഗ്രാമം ഉണ്ടായിരുന്നു അവിടെ അറുപിശുക്കനായ ഒരു ജന്മി ഉണ്ടായിരുന്നു. ആ ഗ്രാമത്തിൽ തന്നെ ഒരു ചെരുപ്പ് തയ്യൽക്കാനായ പാവം നാണുവും ഉണ്ടായിരുന്നു. നാണു ചെരിപ്പുകൾ മാത്രമല്ല ചവിട്ടു മെത്തകളും ഉണ്ടാക്കുമായിരുന്നു. അങ്ങനെ ഒരു ദിവസം നാണു ഒരു ചെരിപ്പ് ഉണ്ടാക്കി. അത് നാട്ടിലെ എല്ലാവർക്കും ഇഷ്ടമായി. അതുകൊണ്ടാണ് അതേപോലെ കുറെ ചെരിപ്പ് ഉണ്ടാക്കി. അവയെല്ലാം ഇട്ട് നാണുവിനെ ഒരുപാട് പണം കിട്ടി. ഈ കാര്യങ്ങളെല്ലാം ആ ജന്മി അറിഞ്ഞു. ജന്മിക്ക് എന്തോ ഒരു വല്ലായ്മ പോലെ. കാരണം ഇപ്പോൾ നാട്ടിൽ ജന്മിയെക്കാളും പ്രിയപ്പെട്ടതായിരിക്കുന്നു നാണു.
അങ്ങനെ ജന്മി ഒരിക്കൽ നാണുവിനെ വിളിച്ചു. എന്നിട്ട് ഒരു പന്തയം വെച്ചു. ഒരു പന്തയ മത്സരം നടത്തും, അതിൽ നാണു ജയിക്കുകയാണെങ്കിൽ ജന്മിയുടെ സ്വത്തും പണവും വീടും സ്ഥാനവും എല്ലാം നാണുവിന്.നേരെ മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ നാണുവിന്റെ പണവും സ്വത്തും എല്ലാം ജന്മിക്ക്. പക്ഷേ നാണുവിന് പകിട കളിക്കാൻ അറിയില്ലായിരുന്നു.
മൂന്ന് തവണയാണ് മത്സരം ആദ്യം മത്സരം തുടങ്ങി ആണ് പരാജയപ്പെട്ടു. ആദ്യത്തെ കളി എങ്ങനെയാണെന്നും നിയമാവലി കേട്ട് മനസ്സിലാക്കിയതുകൊണ്ട് രണ്ടാമത്തെ കളി നാണു ജയിച്ചു. കുറച്ചുമുമ്പ് വരെയുള്ള ജന്മിയുടെ അതിമോഹം പൂണ്ട മുഖവും ഇപ്പോഴത്തെ പേടിച്ചിരണ്ട മുഖവും എല്ലാം മനസ്സിൽ ഓർത്തപ്പോൾ മൂന്നാമത്തെ കളിയിലും നാണു ജയിച്ചു. അങ്ങനെ നാണുവിന് ജന്മിയുടെ വീടും സ്ഥാനവും സ്വത്തും എല്ലാം കിട്ടി. നാട്ടുകാരെല്ലാവരും ജന്മി യെ കളിയാക്കി ആ നാട്ടിൽ നിന്ന് തന്നെ തുരത്തി.

അഭിരാമി അഭിലാഷ
Std. 10

# Kittu and the cat



He was a rat. He was looking for something to eat. Then he saw a house. Soon he got into the house. He looked here and there. Then he saw a cake. He ate the whole cake. Then he fell into asleep. He slept on a cot. When he was sleeping ,kittu heard a noice. He woke up and saw a cat coming towards him. Kittu was afraid.He jumped out of the house and escaped into a small hole.

Abhijith Vinod
Std. IV

# കൊറോണയെ അതിജീവിച്ച അപ്പു

നഴ്സ് വന്നു വിളിച്ചപ്പോഴാണ് അപ്പു ഉണർന്നത് അവൻ കണ്ണു ചിമ്മിത്തുറന്നു. താൻ എവിടെയാണ്? ഏതാണ് സ്ഥലം? അവൻ പതുക്കെ എഴുന്നേൽക്കാൻ ശ്രമിച്ചു പക്ഷെ ആവുന്നില്ല ഭയങ്കര തലവേദന തലപൊക്കുവാൻ പറ്റുന്നില്ല ശ്വാസകോശ– ത്തിലേക്ക് മൂർച്ചയുള്ള കത്തികൊണ്ട് കുത്തുന്നതുപോലുള്ള വേദന.അവൻ വേദനകൊണ്ട് പുളഞ്ഞു.നഴ്സ് അവനെ സമാധാനിപ്പിച്ചു.ഐസൊലേഷൻ വാർഡിൽ നഴ്സും അവനും മാത്രം.ഇടക്കിടെ ഡോക്ടർ വന്ന് പരിശോധിക്കും. കോട്ടുപോലെ വസ്ത്രവും ,കൈയുറ– യും, മാസ്കും ,കണ്ണടയും ഒക്കെവച്ചാണ് വരിക.പരിശോധനയ്ക്ക് ഇടക്കിടെയ്ക്ക് രക്തം എടുത്തുകൊണ്ടുപോകും.കൊറോണയായതു– കൊണ്ടാണ് ഇങ്ങനെ പരിശോധിക്കുന്നത് എന്ന് അപ്പുവിന് മനസ്സിലായി.താൻ മരിച്ചു പോകുമോ എന്ന് അവനു പേടി തോന്നി.അമ്മയേയും അച്ഛനേയും അവനു കാണാൻ കൊതി തോന്നി.പക്ഷേ ആരേയും കാണാൻ അവനെ അനുവദിച്ചില്ല. അടുത്തു വന്നാൽ രോഗം അവർക്കും പിടിക്കും അഥവാ പിടിച്ചി– ല്ലെങ്കിൽ പോലും അവരെയും നിരീക്ഷണത്തിലാക്കും.സാമ്പിളു– കളും മറ്റും എടുത്ത് പരിശോധനയ്ക്ക് അയയ്ക്കും .പിന്നെ അതുകിട്ടിയ– തിനുശേഷമേ പുറത്തിറങ്ങാൻ പറ്റുത്തുള്ളൂ അവർക്കെങ്കിലും രോഗം വരാതിരിക്കട്ടെ അവൻ സമാധാനിച്ചു. കുറച്ചു ദിവസങ്ങൾ കൂടി കഴിഞ്ഞു ആദ്യത്തേതു പോലെയല്ല.ഇപ്പോൾ അവന് കുറച്ച് പേടിയൊക്കെ മാറി.കാരണം രോഗം കുറയാൻ തുടങ്ങി. അവന് ഭക്ഷണം കഴിക്കാനും തനിയെ എണ്ണീക്കാനും ഇപ്പോൾ ആവും. ഇപ്പോൾ നഴ്സ് അടുത്തു വരികയും അവനോട് വർത്തമാനം പറയുകയും ചെയ്യും.പിറ്റേന്ന് ഡോക്ടർ വന്നപ്പോൾ അപ്പുവിനോട് പറഞ്ഞു "അപ്പു നിൻെറ രോഗമെല്ലാം മാറിവരുന്നുണ്ട്.കുറച്ചു ദിവസങ്ങൾ കൂടി കഴിയുമ്പോൾ നിനക്ക് വീട്ടിൽ പോകാം. വീട്ടിൽ പോയാലും കുറച്ചു ദിവസങ്ങൾ കൂടി നീരിക്ഷണത്തിൽ കഴിയണം" അവനു സന്തോഷമായി.അച്ഛനെയും അമ്മയേയും അവൻ ഓർത്തു എത്ര നാളായി കണ്ടിട്ട് അവരെ കാണാൻ കൊതിയാവുന്നു. അവൻ സന്തോഷത്തോടുകൂടി ഓരോ ദിവസവും തളളിനീക്കി. അങ്ങനെ സന്തോഷത്തിൻെറ ആ നാൾ വന്നടുത്തു.അപ്പുവിന് ഇന്ന് വീട്ടിൽ പോകാം ഡോക്ടർ സന്തോഷത്തോടെ പറഞ്ഞു ഐസൊലേഷൻ വാർഡിൽ നിന്ന് അപ്പുവിനെ പുറത്തിറക്കി ഒരു മഹാരോഗത്തിൻെറ പിടിയിൽ നിന്ന് രക്ഷപെട്ട അപ്പുവിനെ കാണാൻ എത്ര ആളുകളാണ് നിൽക്കുന്നത് .തന്നെ ചികിത്സിച്ച ഡോക്ടറും നഴ്സും ഭക്ഷണം കൊണ്ടുത്തന്ന ചേട്ടന്മാരും മുറി ക്ലിൻ ചെയ്യാൻ വന്നിരുന്ന ചേച്ചിയും, അമ്മയും അച്ഛനും എല്ലാവരും ഉണ്ട്.അപ്പുവിന് സന്തോഷമായി.ഡോക്ടർ പറഞ്ഞു. "അപ്പു നീ വലിയ മഹാരോഗത്തിൽ നിന്ന് രക്ഷപെട്ടിരിക്കുകയാണ് നിന്നെ വീട്ടിലേക്ക് യാത്ര അയയ്ക്കാൻ ആണ് ഞങ്ങൾ എല്ലാവരും നിൽക്കുന്നത്.അവന് വളരെയധികം സന്തോഷമായി അവൻ എല്ലാവരോടും യാത്ര പറഞ്ഞു അമ്മയും, അച്ഛൻെറയും ഒപ്പം അവൻ വളരെനാളുകൾക്കു ശേഷം സ്വന്തം വിട്ടിലേക്ക് യാത്രയായി.എല്ലാവരും അവനെ സന്തോഷത്തോടെ യാത്രയാക്കി.

Vyga Rajesh

# Nature



Parvathi A P



Anusree Sandeep

# എൻ വിരൽത്തുമ്പിലൂടെ ..................









Vaishnav Ashok

# എന്റെ വരകളിലൂടെ .............
















Goutham S Nath



























Goutham S Nath

# ജ്യാമിതീയ പാറ്റേൺ







Goutham S Nath

# സംഗീത ശ്രേണി



സമാന്തര ശ്രേണി, സമഗുണിത ശ്രേണി, ഹാർമോണിക് ശ്രേണി ഇവയെ കൂടാതെ നാലാമതൊരു ശ്രേണി കൂടി കണ്ടെത്തിയിട്ടുണ്ട്. അതാണ് സംഗീത ശ്രേണി. അതായത് തന്നിട്ടുള്ള നാലു സംഖ്യകൾ  a: 2ab/a+b: a+b/2:bഎന്ന അംശബന്ധത്തിൽ ആയാൽ അവ സംഗീത ശ്രേണിയിലാണ്. ഉദാഹരണമായി 6, 8, 9, 12. വയലിൻ പോലുള്ള സംഗീത ഉപകരണങ്ങളുടെ നാദത്തിന് ഈ ശ്രേണിയുമായി ബന്ധമുണ്ട്.

Sneha S

# RAMANUJAN NUMBER

**The number 1729 is popularly known as Ramanujan'snumber.This is the only known number that is a sum of two cubes in two different ways.**



**That is 10^3 +9^3=1729**

**12^3 +1^3=172**

**There is an interesting storey about it.When Ramanujan was sick in the hospital,Prof.Hardy, his tutor,visited him.Prof.Hardy told Ramanujan that he rode a taxicab to the hospital,with a very unlucky number.When Ramanujan enquired what the number was,Prof.Hardy replied;1729.**

**Ramanujan's face lift up with a smile and he said that it was not an unlucky number at all,but a very interesting number that can be represented as the sum of two cubes in tube different ways.**

Keren Mary Pramod

# കുസൃതി കണക്കുകൾ

1. റോമൻ അക്കങ്ങൾ ഉപയോഗിച്ചുള്ള ഈ വാക്യം ശരിയല്ല.ഒരുവരകളുടെ പോലും സ്ഥാനം മാറ്റാതെ ഇത് ശരിയായ വാക്യമാക്കുക.

XI + I = X

ഉത്തരം: ഈ പേപ്പർ തല തിരിച്ചു പിടിച്ചു നോക്കുക.


2. ഒരാൾ 5 അടി നീളമുള്ള ഒരു കമ്പി വാങ്ങി.അത് ബസ്സിൽ കയറ്റി വീട്ടിലേക്ക് കൊണ്ടുപോകണം.4 അടിയിൽ കൂടുതൽ സാധനങ്ങൾ കയറ്റാൻ കണ്ടക്ടർ സമ്മതിക്കുകയില്ല.കമ്പി ബസ്സിന്റെ മുകളിൽ ഇടാനും പുറത്ത്കെട്ടിവയ്ക്കാനും പാടില്ല.എന്നിട്ടും അയാൾ കമ്പി വളയ്ക്കാതെ ബസ്സിൽ കയറ്റി കൊണ്ടുപോയി.എങ്ങനെ?

ഉത്തരം: 4 അടി നീളവും,3 അടി വീതിയുമുള്ള ഒരു പെട്ടിയിൽ കമ്പി വികർണ്ണമായി വച്ചു.4അടി നീളമുള്ള പെട്ടി ബസ്സിൽ കയറ്റി കൊണ്ടു പോയി.

Stalin Sanil

# സൂര്യകാന്തിയിലെ ശ്രേണി


1,1,2,3,5,8,........ഈ രസകരമായ സംഖ്യാശ്രേണിയുടെ പ്രത്യേകത,ഈ ശ്രേണിയിലെ ഓരോ പദവും തൊട്ടുമുമ്പുള്ള പദങ്ങളുടെ തുകയാണ്. ഈ ശ്രേണി ഫിബൊനാച്ചിശ്രേണി എന്നറിയപ്പെടുന്നത്. പ്രകൃതിയിലേക്ക് നോക്കിയാൽ ഫിബൊനാച്ചി ശ്രേണിയ്ക്ക് പല ഉദാഹരണങ്ങളുണ്ട്. സൂര്യകാന്തിപ്പൂവിന്റെ വിത്തുകളുടെ ക്രമീകരണം പ്രകൃതിയിലെ ഫിബനാച്ചി ശ്രേണിയ്ക്ക് നല്ലൊരു ഉദാഹരണമാണ്. ഈ പൂവിൽ 34പ്രദക്ഷിണദിശയിലും 55 അപ്രദക്ഷിണദിശയിലും വിത്തുകളുടെ ചുറ്റുണ്ട്. വലിയ പൂവ് ആണെങ്കിൽ 89 പ്രദക്ഷിണ ദിശയിലും 144 അപ്രദക്ഷിണദിശയിലും ആണ് വിത്തുകളുടെ ചുറ്റുകൾ. 34, 55, 89, 144 ഇവയെല്ലാം ഈ ശ്രേണിയിലെ സംഖ്യകളാണ്. ഡെയ്സി ചെടിയുടെ പൂക്കളിലെ ദളങ്ങളുടെ ക്രമീകരണം, കൈതച്ചക്കയുടെ പുറം തൊലിയിലെ ശല്ക്കങ്ങളുടെ ക്രമീകരണം ഇവയെല്ലാം പ്രകൃതിയിലെ ഫിബൊനാച്ചി ശ്രേണിയ്ക്ക് ഉദാഹരണങ്ങളാണ്.



ഇറ്റലിയിലെ പിസയിൽ ജീവിച്ചിരുന്ന ഗണിത പണ്ഡിതനായിരുന്നു ഫിബൊനാച്ചി. ഇന്ത്യയിൽ രൂപംകൊണ്ടതും പ്രചാരത്തിലുള്ളതും ആയ സംഖ്യാ സമ്പ്രദായം യൂറോപ്പിൽ കൂടുതൽ ജനകീയമാക്കിയത് ഫിബൊനാച്ചി ആയിരുന്നു. ഇദ്ദേഹം രൂപീകരിച്ച ശ്രേണിയാണ് ഫിബൊനാച്ചി ശ്രേണി എന്നറിയപ്പെടുന്നത്.

Sreelekshmi S

# സംഭാഷണം



മിന്നു പൂമ്പാറ്റ: മുല്ലപ്പൂവേ നിനക്കെന്താ നിറമില്ലാത്തത്

മുല്ലപ്പൂവ് : ഞാൻ ജനിച്ചപ്പോഴേ എനിക്ക് നിറമില്ല.
നിറമില്ലെങ്കിൽ എന്താ എനിക്ക് നല്ല സുഗന്ധം ഇല്ലേ.

പനിനീർ പൂവ്: നിനക്ക് നല്ല വാസനയുണ്ട് മുല്ലപ്പൂവേ പക്ഷേ
എനിക്ക് നിറവും ഉണ്ട് വാസനയും ഉണ്ട്

മിന്നു പൂമ്പാറ്റ : എനിക്ക് പലപല നിറമുണ്ട് എനിക്ക് വാസന ഇല്ല.

മുല്ലപ്പൂവ് :അമ്മൂമ്മേ അമ്മൂമ്മ എനിക്ക് നിറമില്ല

പൂമ്പാറ്റ: അമ്മൂമ്മേ അമ്മൂമ്മേ എനിക്ക് വാസനയില്ല

അമ്മൂമ്മ :പൂവ് മക്കളെ ഓരോരുത്തർക്കും ഭഗവാൻ
കുറവുകൾ നൽകും. കുറവുകൾ ഓർത്ത് വിഷമിക്കുകയല്ല
നമ്മുടെ കഴിവുകൾ ഓർത്ത് അഭിമാനിക്കുക.

Anusree

# കൃതജ്ഞത

e- ദളം ഡിജിറ്റൽ മാഗസിൻ
യാഥാർഥ്യമാക്കിയ ഈ സ്കൂളിലെ
എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
ഞങ്ങളുടെ സാരഥിയായ
ഹെഡ്മിസ്ട്രസ് അനിത ടീച്ചറിനും
ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി
ഞങ്ങളുടെ കൂടെ നിന്ന
സുധ ടീച്ചറിനും,ശ്രീലത ടീച്ചറിനും
ഞങ്ങൾക്ക് പിന്തുണയേകിയ
എല്ലാ അദ്ധ്യാപകർക്കും
അനദ്ധ്യാപകർക്കും
എസ്.എം .സി അംഗങ്ങൾക്കും
നന്ദി .............

Chief editors: Goutham S Nath
Anagha Ravi
Nikhilkumar

